# കേരളസർവകലാശാല

നം.പി.ആർ.30/2022

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല ഫെബ്രുവരി 7 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി 2008 സ്കീം (സപ്ലിമെന്ററി 2011 & 2012 അഡ്മിഷൻ, മേഴ്സിചാൻസ് 2008, 2009, 2010 അഡ്മിഷൻ) പരീക്ഷകൾ 2022 ഫെബ്രുവരി 21 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ഫെബ്രുവരി 21 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി 2008 സ്കീം (സപ്ലിമെന്ററി 2011 & 2012 അഡ്മിഷൻ, മേഴ്സിചാൻസ് 2008, 2009, 2010 അഡ്മിഷൻ) പരീക്ഷകൾ 2022 മാർച്ച് 7 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഫെബ്രുവരി 1 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം – മേഴ്സിചാൻസ് & സപ്ലിമെന്ററി) പരീക്ഷ ഫെബ്രുവരി 14 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

### പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല ഫെബ്രുവരി 4 ന് ആരംഭിക്കാനിരുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷ 2022 ഫെബ്രുവരി 21 മുതൽ ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2022 ജനുവരിയിൽ ആരംഭിച്ചതും കോവിഡ് കാരണം മാറ്റിവച്ചതുമായി ബി.ബി.എ. (വിദൂരവിദ്യാഭ്യാസം 2013 അഡ്മിഷൻ – മേഴ്സിചാൻസ്, 2014 അഡ്മിഷൻ – സപ്ലിമെന്ററി) മൂന്ന്, നാല് അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 138 2 (b) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 14 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം. റെഗുലർ (2020 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 18 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 22 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 24 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. 2019 അഡ്മിഷൻ (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്), 2018 & 2017 അഡ്മിഷൻ (സപ്ലിമെന്ററി) പരീക്ഷകൾക്കുള്ള വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവനന്തപുരം,
10.02.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

| **University information is available on 9188526670, 9188526671, 9188526674, 9188526675** |
|---|